**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വികാസ് ഭവൻ, തിരുവനന്തപുരം**

**കെ.എസ്.എ.7/എസ്റ്റാ.1/2019** **തീയതി. 30.07.2019**

**<u>സർക്കുലർ നം. 06/2019</u>**

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – താഴ്ന്ന വേതനക്കാരായ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി ഓഡിറ്റർ നിയമനം– സമ്മതപത്രം ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന : (1) 19.09.2009–ലെ ജി.ഒ(എം.എസ്)നം.399/09/ഫിൻ ഉത്തരവ്.
(2) 25.03.2010 ലെ ജി.ഒ(പി) നം.197/10/ഫിൻ ഉത്തരവ്
(3) 04.06.2011–ലെ ജി.ഒ (എം.എസ്)നം.252/2011/ഫിൻ ഉത്തരവ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നാല് വർഷത്തെ സേവനവും അംഗീകൃത സർവകലാശാല ബിരുദവും ഉള്ള താഴ്ന്നവേതനക്കാരായ ജീവനക്കാർക്ക് തസ്തികമാറ്റം വഴി ഓഡിറ്റർ നിയമനം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്. താഴ്ന്നവേതനക്കാരായ ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി ഓഡിറ്റർ നിയമനം നൽകുന്നതിനായി ഈ വകുപ്പിൽ 2019 ൽ രണ്ട് ഒഴിവുകൾ നിലവിൽ വരുന്നുണ്ട്. ഈ സാഹചര്യത്തിൽ മുകളിൽ സൂചിപ്പിച്ച രണ്ട് ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം വഴി ഓഡിറ്റർ നിയമനം ലഭിയ്ക്കാൻ നിർദ്ദിഷ്ട യോഗ്യതകളുള്ള താഴ്ന്നവേതനക്കാരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷയിൽ പറയുന്ന യോഗ്യതകൾ, സേവനകാലയളവ് എന്നിവ ഓഫീസ് മേധാവികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പമുള്ള നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ അപേക്ഷകൾ 07.08.2019 നകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ജീവനക്കാരന്റെ സമ്മതപത്രവും, യോഗ്യത തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ലഭ്യമാക്കേണ്ടതാണ്.

**(ഒപ്പ്)**
**ഡയറക്ടർ**

☎ 0471 –2303640 ✉ *cru.ksad@kerala.gov.in*